# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2914** **20.03.2015-ൽ മറുപടിക്ക്**

### കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുള്ള റോഡ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഏതെല്ലാം റോഡ് പദ്ധതികൾക്കാണ് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുള്ളത്; | (എ) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ സെൻട്രൽ റോഡ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ (സി.എസ്.എസ് -100%, സി.എസ്.എസ്-50%) എന്നീ പദ്ധതികൾക്കാണ് കേന്ദ്ര ഫണ്ട് ലഭിച്ചു വരുന്നത്. |
| (ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; | (ബി) സെൻട്രൽ റോഡ് ഫണ്ട് പദ്ധതി പ്രകാരം 2012-13 ൽ 124.86 കോടി രൂപയും 2013 - 14 സാമ്പത്തിക വർഷത്തിൽ 70.40 കോടി രൂപയും 2014 - 15 സാമ്പത്തിക വർഷ ത്തിൽ 54.60 കോടി രൂപയും 100% സി.എസ്സ്.എസ്സ് പദ്ധതിയിൽ 20.06 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ച എത്ര പ്രവൃത്തികൾ ഇതിനകം ആരംഭിച്ചു; എത്ര പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞു; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ; | (സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ച 33 പ്രവൃത്തികളും ഇതിനകം ആരംഭിച്ചു കഴിഞ്ഞു. 11 പ്രവൃത്തികൾ പൂർത്തിയായി, 4 പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. ഇവയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 100% സി.എസ്സ്.എസ്സ് പദ്ധതിയിലെ പ്രവൃത്തികളുടെ ഭരണാനുമതിയ്ക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഏതെങ്കിലും ഫണ്ട് ഉപയോഗിക്കാനാകാതെ ലാപ്സായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഉപയോഗിക്കാതെ ലാപ്സായിട്ടില്ല. |

സെക്ഷൻ ഓഫീസർ